(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ വാർഷിക ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗോവധ നിരോധനം

12 (*162) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഗോവധ നിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര കന്നുകാലി കമ്മീഷന്റെ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശ്വഹിന്ദു പരിഷത്തുകാർ കേരളത്തിലേക്ക് കൊണ്ടുവരുന്ന പശുക്കൾ ഉൾപ്പെടെയുള്ള അറവുമാടുകളെ റോഡിൽ തടഞ്ഞ് തിരിച്ചയച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അറവുമാടുകളെ തടഞ്ഞവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ & ബി) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(സി &ഡി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് അന്വേഷണം

13 (*163) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾക്കായി നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി വാങ്ങിയ ഇൻസിനറേറ്റർ ഇനിയും സ്ഥാപിക്കാനുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly